9 (*129) റവന്യൂ കാർഡ് നടപ്പാക്കുന്നതിലെ ബുദ്ധിമുട്ടുകൾ

ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ബാബു ദിവാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ജില്ലകളിൽ റവന്യൂ കാർഡ് നൽകിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) റവന്യൂകാർഡിന് വേണ്ടിയുള്ള അപേക്ഷ ഫാറം കിട്ടുന്നില്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റവന്യൂകാർഡ് സംബന്ധിച്ച് നിയമത്തിലെ 3-ാം വകുപ്പിൽ 1-ാം ഉപവകുപ്പ് (ബി) പ്രകാരം നൽകേണ്ട വിവരങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ വിവരങ്ങൾ അപേക്ഷകനാണോ നൽകേണ്ടത്;

(ഇ) നിയമത്തിലെ 14-ഉം 15-ഉം വകുപ്പുകൾ നിരപരാധികളെ ശിക്ഷിക്കുന്നതിന് കാരണമാകുമോ; എങ്കിൽ വകുപ്പുകൾ നീക്കം ചെയ്യാൻ തയ്യാറാകുമോ;

(എഫ്) റവന്യൂ കാർഡ് നടപ്പാക്കുന്നതിലെ ബുദ്ധിമുട്ടുകളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് നിയമസഭയിൽ പ്രാതിനിധ്യമുള്ള കക്ഷികളുടെ യോഗം അടിയന്തിരമായി വിളിക്കാൻ നടപടി സ്വീകരിക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) സംസ്ഥാനത്ത് എറണാകുളം ജില്ലയിലെ പറവൂർ താലൂക്കിൽ റവന്യൂകാർഡ് വിതരണം ആരംഭിച്ചിട്ടുണ്ട്. ഇത് പുർത്തിയായി വരുന്നു.

(ബി) ഉണ്ട്. ഇതു പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) റവന്യൂകാർഡ് നിയമത്തിൽ 3-ാം വകുപ്പിൽ 2-ാം ഉപവകുപ്പിന് 'ബി' പ്രകാരം നൽകേണ്ടത് ഓരോ റവന്യൂകാർഡിലും ഉൾകൊള്ളിച്ചിട്ടുള്ള അംഗങ്ങളുടെ എണ്ണം, അവരുടെ ബന്ധം, പൂർണ്ണമായ പേരുകൾ, ഓരോ അംഗത്തിന്റെയും ജനനത്തീയതി, ജനനസ്ഥലം, ഓരോ അംഗവും വിവാഹിതരോ അല്ലയോ എന്ന്, വിധവയാണോ, വിധവയാണെങ്കിൽ യുദ്ധത്തിൽ മരണമടഞ്ഞ ജവാന്റെ വിധവയാണോ, വിവാഹ ബന്ധം വേർപ്പെടുത്തിയ ആളാണോ, വിദേശത്ത് ജോലി ചെയ്യുന്ന ആളാണോ, ജവാനോ വിമുക്തഭടനോ ആണോ, സ്വാതന്ത്ര്യസമര സേനാനി (കേന്ദ്ര/സംസ്ഥാന സർക്കാർ പെൻഷൻ ലഭിക്കുന്ന വ്യക്തിയാണോ) യാണോ എന്നീ വിവരങ്ങളും ഓരോ അംഗത്തിന്റെയും തൊഴിലും വാർഷികവരുമാനവും, കുടുംബത്തിന്റെ വാർഷിക വരുമാനം, അംഗങ്ങളുടെ വാസസ്ഥലത്തെയും തൊഴിൽ സ്ഥലത്തെയും മേൽവിലാസം, സമുദായം, ജാതി, മതം, എന്നിവ.

(ഡി) അതെ.

(ഇ) പതിനാലാം വകുപ്പുപ്രകാരം അനുവദിച്ചതല്ലെങ്കിൽ നീട്ടികൊടുത്ത സമയത്തിനകത്ത് രേഖകൾ ഹാജരാക്കുന്നതിൽ ബോധപൂർവ്വം വീഴ്ചവരുത്തുന്നവർക്കാണ് പിഴ നിർദ്ദേശിച്ചിരിക്കുന്നത്. പതിനഞ്ചാം വകുപ്പനുസരിച്ച് മന

LIBRARY ARCHIVES Kerala Legislative Assembly

:പൂർവ്വം തെറ്റായ വിവരം നൽകുന്നവരെ ശിക്ഷിക്കാനുള്ള നിർദ്ദേശമുണ്ട്. ഇവ നിരപരാധികളെ ശിക്ഷിക്കാനുള്ളതാണെന്ന വാദം ശരിയല്ല.

(എഫ്) പരിശോധിക്കുന്നതാണ്.

10 (*130) "കാലവർഷക്കെടുതി നേരിടാൻ കൈക്കൊണ്ട നടപടി"

ശ്രീ. പി. രാഘവൻ :
ശ്രീ. എ. കണാരൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) കാലവർഷക്കെടുതി നേരിടാൻ സർക്കാർ കൈക്കൊണ്ട നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഈ വർഷം കാലവർഷക്കെടുതിമൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ കണക്ക് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഓരോ മേഖലയിലും ഉണ്ടായിട്ടുള്ള നഷ്ടങ്ങളുടെ കണക്ക് വെളിപ്പെടുത്തുമോ;

(ഡി) കാലവർഷക്കെടുതിമൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും വീട് നഷ്ടപ്പെട്ടവർക്കും മറ്റും എന്തെല്ലാം ആശ്വാസ നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) കാലവർഷക്കെടുതിമൂലം കൃഷിനാശം സംഭവിച്ച കർഷകരെ സഹായിക്കാൻ റവന്യൂ വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള സഹായം അർഹരായവർക്ക് തന്നെ ലഭിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഇക്കൊല്ലത്തെ കാലവർഷം മുന്നിൽ കണ്ടുകൊണ്ട് കെടുതികൾ ഉണ്ടാകുമ്പോൾ സ്വീകരിക്കേണ്ട ആശ്വാസ നടപടികൾ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ 20.5.2000-ൽ എല്ലാ ജില്ലാ കളക്ടർമാർക്കും നല്കി. ഇതിൻ പ്രകാരം പ്രകൃതിക്ഷോഭമുണ്ടാകാനിടയുള്ള പ്രദേശങ്ങൾ കണ്ടെത്തുന്നതിനും മുൻകൂട്ടൽ നടപടികളുടെ ഭാഗമായി ദുരിതാശ്വാസ പ്രവർത്തന സംവിധാനം പ്രവർത്തനോന്മുഖമായി സജ്ജീകരിക്കുവാനും വേണ്ടത്ര ക്ഷേമ സാധനങ്ങൾ റേഷൻകടകളിൽ സ്റ്റോക്ക് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുവാനും ദുരിതബാധിതരെ പുനരധിവസിപ്പിക്കേണ്ടി വന്നാൽ ഉപയോഗിക്കുന്നതിനായി പൊതു കെട്ടിടങ്ങൾ, സ്കൂളുകൾ, കമ്മ്യൂണിറ്റി ഹാളുകൾ തുടങ്ങിയവ കണ്ടെത്തി അവ ദുരിതാശ്വാസ കേന്ദ്രങ്ങളായി ഉപയോഗിക്കാനായി സജ്ജമാക്കുന്നതിനും, കടലാക്രമണംമൂലം ദുരിതമനുഭവിക്കുന്നവരെ മാറ്റി പാർപ്പിക്കുവാനും ദുരിതാശ്വാസകേന്ദ്രങ്ങളിൽ ആഹാരം, വസ്ത്രം, വൈദ്യസഹായം തുടങ്ങിയവ നല്കുന്നതിനായി ക്രമീകരണങ്ങൾ നടത്തുവാനും

LIBRARY ARCHIVES Kerala Legislative Assembly